I/377535/2023

ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം: ഡി.ജി.ഇ/8784/2023-എച്ച് 2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 22-07-2023
ഇ-മെയിൽ : secret.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം- സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2022-23 വർഷത്തെ പ്രതീക്ഷിത അധിക തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന അപേക്ഷ - സംബന്ധിച്ച്

സൂചന :-
1. 30/05/2023 ലെ മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഡിഡിഇഎംപിഎം/6029/2023-എ 1 നമ്പർ കത്ത്
2. വിവിധ തലങ്ങളിൽ നിന്നും ഫോൺ സന്ദേശങ്ങൾ മുഖേന ലഭ്യമായ പരാതികൾ
3. 12/06/2023 ലെ ജെ ആർ 1/275/2023/പോ.വി.വ നമ്പർ സർക്കാർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ അടിയന്തരമായി ക്ഷണിക്കുന്നു. സൂചന (3) പ്രകാരം ലഭ്യമാക്കിയ കത്തിൽ. 20/04/2022 ലെ എസ്.ആർ.ഒ 375/2022 വിജ്ഞാപന പ്രകാരം കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ എല്ലാ വർഷവും അധിക തസ്തികകൾ ഒക്ടോബർ 1 പ്രാബല്യത്തിൽ മാത്രമെ അനുവദിക്കുവാൻ ആകുകയുള്ളൂ എന്നതിനാൽ 08/06/2022 ലെ സ.ഉ(കൈ)102/2022/പൊ.വി.വ പ്രകാരം, പ്രസ്തുത അധിക തസ്തികകൾ അനുവദിച്ച് വരുന്നതു വരെ താത്കാലിക അധ്യാപകരെ എല്ലാ വർഷവും സ്കൂൾ തുറക്കുന്ന തീയതി മുതൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ് എന്നും അതാതു കാലങ്ങളിൽ സർക്കാരും പൊതു വിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, ദിവസവേതനം നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും സർക്കാർ നിർദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, 2022-23 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിൽ ജോലി നോക്കി വരുന്ന അധ്യാപകർക്ക്, പ്രസ്തുത അധ്യാപകർ ടി തസ്തികകളിൽ ജോലി ചെയ്തിട്ടുണ്ട് എന്നുറപ്പ് വരുത്തിയും ടി തസ്തിക സർക്കാർ അനുവദിച്ച് നൽകിയ 6043 തസ്തികകളിൽ

ഉൾപ്പെട്ടിട്ടുണ്ട് എന്നുറപ്പ് വരുത്തിയും സൂചന (3) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹമായ വേതനം നൽകുവാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ് (സൂചന (3) സർക്കാർ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). കൂടാതെ, മേൽ സർക്കാർ ഉത്തരവിലെ നിർദേശ പ്രകാരം, 20/04/2022 ലെ എസ്.ആർ.ഒ 375/2022-ാം വിജ്ഞാപനമനുസരിച്ച് കെ.ഇ.ആറിൽ വരുത്തിയ ഭേദഗതി പ്രകാരം അധിക തസ്തികകൾ അനുവദിക്കുന്നത് ഒക്ടോബർ-1 പ്രാബല്യത്തിൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നതിനാൽ, 08/06/2022 ലെ സ.ഉ(കൈ) 102/2022/പൊ.വി.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക അധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതി മുതൽ നിയമിക്കുന്നതിന് സർക്കാർ നൽകിയ അനുമതി എല്ലാ അക്കാദമിക വർഷങ്ങളിലും ബാധകമാണ്. ആയതു സംബന്ധിച്ച് വീണ്ടും വീണ്ടും സ്പഷ്ടീകരണം ആവശ്യപ്പെടേണ്ടതില്ല എന്ന വിവരവും കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Santhosh C A
Date: 22-07-2023 17:38:47

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

(1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
(അറിവിലേക്കും തുടർ നടപടികൾക്കുമായി)

(2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കൈറ്റ്,പൂജപ്പുര
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതു വിദ്യാഭ്യാസ (ജെ ആർ ) വകുപ്പ്

നമ്പർ.ജെ ആർ 1/275/2023/GEDN 12-06-2023,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ്- 2022-23 വർഷം മുതലുള്ള തസ്തികനിർണ്ണയം സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അധിക ഡിവിഷനുകളും അധിക തസ്തികകളും അനുവദിക്കുന്നതു വരെ പ്രസ്തുത തസ്തികകളിലെ അദ്ധ്യാപകരുടെ താൽക്കാലിക നിയമനം - സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്

സൂചന:- 1.**GO(Ms) 102/2022/GEDN dated 08.06.2022**
2.താങ്കളുടെ 02.06.2023 തീയതിയിലെ DGE/8784/2023/H2 നമ്പർ കത്ത്.

സൂചനകളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. അധിക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ കുട്ടികളുള്ള പക്ഷം, സർക്കാർ സ്കൂളുകളിൽ അധിക തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതു വരെയും, എയ്ഡഡ് സ്കൂളുകളിൽ, അധിക തസ്തിക സൃഷ്ടിച്ച് കെ.ഇ.ആർ അദ്ധ്യായം **XXI**, ചട്ടം 7 ലെ വിവിധ വ്യവസ്ഥകൾ അനുസരിച്ച് നിയമനം നടത്തുന്നതു വരെയുമുള്ള കാലയളവിൽ കുട്ടികളുടെ അധ്യയനം മുടങ്ങാതിരിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതി മുതൽ നിയമിക്കുന്നതിന് അനുമതി നൽകി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.അതാത് കാലം സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും ദിവസവേതനം നൽകുന്നതു സംബന്ധിച്ച് ധനകാര്യവകുപ്പ് പുറപ്പെടുവിക്കുന്ന വ്യവസ്ഥകളും ബാധകമാകുന്നതാണ് എന്നും ഉത്തരവായിരുന്നു.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ **20.04.2022** തീയതിയിലെ **SRO**

375/2022 വിജ്ഞാപന പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം എല്ലാ വർഷവും അധികതസ്തികകൾ ഒക്ടോബർ 1 പ്രാബല്യത്തിൽ മാത്രമേ അനുവദിക്കാനാകുകയുള്ളൂ എന്നതിനാൽ സൂചന (1) ഉത്തരവ് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതി മുതൽ നിയമിക്കുന്നതിന് അനുമതി നൽകിയത് എല്ലാ അക്കാദമികവർഷങ്ങളിലും ബാധകമാണെന്ന് അറിയിക്കുന്നു.

സൂചന (1) പ്രകാരം 2022-23 വർഷത്തിൽ പ്രതീക്ഷിത അധിക തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവിൽ അതത് കാലം സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും ദിവസവേതനം നൽകുന്നതു സംബന്ധിച്ച് ധനകാര്യവകുപ്പ് പുറപ്പെടുവിക്കുന്ന വ്യവസ്ഥകളും ബാധകമാകുന്നതാണ് എന്നും വ്യക്തമാക്കിയിരുന്നു. അധ്യാപക നിയമനത്തെ സംബന്ധിച്ചും, ഇവർക്ക് ശമ്പളം നൽകുന്നത് സംബന്ധിച്ചും കൃത്യവും വ്യക്തവുമായ ഉത്തരവ് നൽകിയിട്ടും, വർഷം മുഴുവനും അധ്യയനം നടത്തിയ അധ്യാപകർക്ക് സാങ്കേതികത്വത്തിന്റെ പേരിൽ ശമ്പളം നൽകാത്തതു സർക്കാർ നിർദേശങ്ങളുടെ ലംഘനവും കടുത്ത നീതി നിഷേധവും ആണെന്ന് വിലയിരുത്തുന്നു. പ്രതീക്ഷിത അധ്യാപക തസ്തികകളിലേക്ക് താൽക്കാലികമായി നിയമിക്കപ്പെടുന്ന സർക്കാർ/എയ്ഡഡ് സ്കൂളിലെ അധ്യാപകർക്കു, അധിക തസ്തിക അനുവദിക്കുന്ന മുറയ്ക്ക് മാത്രം വേതനം നൽകിയാൽ മതിയാകുമെന്നു നിർദേശങ്ങൾ ഒന്നും തന്നെ സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. ആയതിനാൽ 2022-23 വർഷത്തിൽ പ്രതീക്ഷിത അധിക തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകിയ അധ്യാപകർക്ക് അർഹമായ വേതനം നൽകുവാൻ അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
MEENAMBIKA M I
JOINT SECRETARY

I/5756262/2023

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി

അംഗീകാരത്തോടെ

Signed by
Manoj T I
Date: 12-06-2023 13:15:20

സെക്ഷൻ ഓഫീസർ